LIBRARY ARCHIVES Kerala Legislative Assembly

സോൺ 1 -തലയോലപറമ്പ്

തലയോലപറമ്പ് പഞ്ചായത്തിൽ 49.224 കിലോ മീ. ദൈർഘ്യമുള്ള 300 എം.എം. മുതൽ 90 എം.എം. വരെയുള്ള (ഡി.ഐ., പി.വി.സി., ജി.ഐ.) പൈപ്പ് സ്ഥാപിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

സോൺ 2- വടയാർ വില്ലേജ്

വടയാർ വില്ലേജിൽ 23.035 കിലോ മീ. ദൈർഘ്യമുള്ള 200 എം.എം. മുതൽ 90 എം.എം. വരെയുള്ള (ഡി.ഐ., പി.വി.സി., ജി.ഐ.) പൈപ്പ് സ്ഥാപിക്കുവാനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

ഇനിയും ഭരണാനുമതി ലഭിക്കേണ്ട പദ്ധതികൾ താഴെപ്പറയുന്നു :

ഉദയനാപുരം പഞ്ചായത്തിനായുള്ള ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

ഉദയനാപുരം പഞ്ചായത്തിൽ ജലവിതരണ ശൃംഖല 72084 മീറ്ററും ഇരുവേലിക്കുന്നിൽ വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് പഴയ ടാങ്ക് (1.15 ലക്ഷം ലിറ്റർ) പൊളിച്ച് 4.20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ഉന്നതതല സംഭരണി സ്ഥാപിക്കുന്നതിനും 975 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫണ്ടിന്റെ അഭാവം കാരണം എസ്.എൽ.എസ്.എസ്.സി. അനുമതി നൽകിയിട്ടില്ല.

താനൂർ പഞ്ചായത്തിലെ കടിവെള്ള പദ്ധതി

207 (2762) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :.

(എ) താനൂർ അനുബന്ധ പഞ്ചായത്തുകളിലെ കടിവെള്ള പദ്ധതി കഴിഞ്ഞ ബജറ്റിലുൾപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കുന്ന ജോലി ഏത് ഘട്ടത്തിലാണ് ;

(ഡി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാനാകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ 5.00 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

(സി&ഡി) താനൂരിലും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ (സി.ആർ.ഡബ്ല്യു.എസ്.എസ്.) 72.50 കോടി രൂപ മതിപ്പുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ഫാറോക്ക് ഗ്രാമപഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി

208 (2763) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ, ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ളം ലഭ്യമാക്കാൻ തീരുമാന മെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ 13-12-2012-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശപ്രകാരം ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചശേഷം ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഫറോക്ക് പഞ്ചായത്തിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് കുടിവെള്ളം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ജൈക്കയുടെ കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്കും അധിക ജലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ചും മാത്രമേ ടി പ്രദേശത്തെ പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly